**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1314** **30-06-2026-ൽ മറുപടിയ്ക്ക്**

**ഒ.പി.ഒ.പി പദ്ധതി വഴി പഞ്ചായത്തുകളിലെ സ്റ്റേഡിയം നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ഒ.പി.ഒ.പി (വൺ പഞ്ചായത്ത് വൺ പ്ലേ-ഗ്രൗണ്ട്) പദ്ധതിയിൽ ഉൾപ്പെടുത്തി വഴിക്കടവ് ഗ്രാമപഞ്ചായത്തിലും,അമരമ്പലം ഗ്രാമപഞ്ചായത്തിലും സ്റ്റേഡിയം നിർമ്മാണത്തിനായി തുക അനുവദിച്ചുവെങ്കിലും പ്രവൃത്തിയുടെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വിശദമാക്കാമോ;

**മറുപടി:** **1.** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട് പഞ്ചായത്ത് കളിസ്ഥല നിർമ്മാണ പ്രവൃത്തി

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നിയോജക മണ്ഡലത്തിൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട് പഞ്ചായത്ത് കളിസ്ഥല നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 06.11.2025 ൽ നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ.മുഹമ്മദ് ഷംസീർ, കൊണ്ടോട്ടി എന്ന കരാറുകാരനുമായി 03.03.2026 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. മഡ് ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ബാഡ്മിന്റൺ കോർട്ട്, ഡീ.ആർ. റീട്ടൈനിംഗ് വാൾ, ഫെൻസിംഗ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബൗണ്ടറിയുടെ ഇരുവശവും നടപ്പാത നിർമ്മിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതരിൽ നിന്നും വ്യക്തത ലഭ്യമായിട്ടില്ലെന്നും മേൽ പ്രശ്നം പരിഹരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണെന്നും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**2.** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അമരമ്പലം ഗ്രാമപഞ്ചായത്തിലെ കവളമുക്കട്ട ഗ്രൗണ്ട് വികസന പ്രവൃത്തി

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നിയോജക മണ്ഡലത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്തിലെ കവളമുക്കട്ട ഗ്രൗണ്ട് വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 25 ലക്ഷവും കൂടി ചേർത്ത് 50 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി 25.10.2025 ൽ നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും

ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. അലവി പി, അമരമ്പലം എന്ന കരാറുകാരനുമായി 26.02.2026 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 30.04.2026 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. നിലവിൽ 8% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** ഈ പദ്ധതി നിലമ്പൂർ നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നത് ആലോചനയിലുണ്ടോ;വിശദമാക്കാമോ?

**<u>മറുപടി:</u>** ഘട്ടം ഘട്ടമായി എല്ലാ പഞ്ചായത്തിലും ഈ പദ്ധതി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**